STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.13/PR/SPMC/PHQ/2025 Date: 22.02.2025

# മയക്കുമരുന്നിനും സൈബർ കുറ്റകൃത്യങ്ങൾക്കുമെതിരെ പഴുതടച്ച അന്വേഷണം ഉറപ്പാക്കണം : സംസ്ഥാന പോലീസ് മേധാവി

മയക്കുമരുന്നിനും മറ്റു ലഹരിപദാർത്ഥങ്ങളുടേയും ഉപയോഗത്തിനും വിപണനത്തിനുമെതിരെ പഴുതടച്ചുള്ള ശക്തമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ സംസ്ഥാന പോലീസ് മേധാവി ഡോ.ഷെയ്ഖ് ദർവേഷ് സാഹിബ് ജില്ലാ പോലീസ് മേധാവിമാർക്ക് നിർദേശം നൽകി. പോലീസ് ആസ്ഥാനത്ത് പോയവർഷത്തിലെ കുറ്റകൃത്യങ്ങളുടെയും തുടർനടപടികളുടെയും അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മയക്കുമരുന്ന് കേസുകളിൽ ആദ്യ പത്തുദിവസത്തെ അന്വേഷണം നിർണായകമാണെന്നു തിരിച്ചറിഞ്ഞു നടപടി സ്വീകരിക്കണമെന്നും സ്കൂളുകളും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും ലഹരിയുടെ കേന്ദ്രങ്ങളാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും ഇതിനായി ജില്ലാതലങ്ങളിൽ ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സുമായി സംയോജിച്ചു പ്രവർത്തിക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

2024 ൽ സംസ്ഥാനത്ത് വാണിജ്യാവശ്യത്തിനായി കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ കൈവശം വെച്ചതിനും കടത്തിക്കൊണ്ടുവന്നതിനും 258 കേസുകളിൽ 239 കേസുകളിലും പ്രതികളെ തിരിച്ചറിഞ്ഞിട്ടുള്ളതും 565 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഇതിൽ 4500 കിലോഗ്രാം കഞ്ചാവും 24കിലോഗ്രാം എം.ഡി.എം.എയും ഉൾപ്പെടുന്നു.

സൈബർ കുറ്റകൃത്യങ്ങൾ അനുദിനം വർധിച്ചു വരികയാണെന്നും മറ്റു കുറ്റകൃത്യങ്ങൾ അനേഷിക്കുന്നതിലുള്ള അതേ ജാഗ്രത സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലും വേണമെന്നും കുറ്റവാളികൾ ശിക്ഷിപ്പെടാത്ത ഓരോ കേസുകളും ജില്ലാ പോലീസ് മേധാവികൾ പ്രത്യേകമായി പരിശോധിക്കേണ്ടതാണെന്നും അദ്ദേഹം പരാമർശിച്ചു. വ്യാജ പ്രലോഭനങ്ങളിലൂടെയുള്ള നിക്ഷേപക തട്ടിപ്പുകളിൽ വിദ്യാസമ്പന്നർ

പോലും കുടുങ്ങുന്ന അവസ്ഥയാണുള്ളത്. അതിനാൽ സൈബർ കുറ്റകൃത്യങ്ങളുടെ സ്വഭാവങ്ങളെയും കുറ്റവാളികൾ സ്വീകരിക്കുന്ന രീതികളെയും പറ്റി പോലീസ് സ്റ്റേഷനുകളിലെ എല്ലാ അംഗങ്ങളും ബോധവാന്മാരാകേണ്ടത് അത്യാവശ്യമാണ്. അന്തർ സംസ്ഥാനതലത്തിലല്ലാതെയുള്ള കേസുകൾ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കാൻ ഓരോ പോലീസ് സ്റ്റേഷനുകളും സ്വയം പര്യാപ്തത നേടണമെന്നും ജില്ലാ പോലീസ് മേധാവികൾ ഇതിന് ഊന്നൽ നൽകണമെന്നും നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ സാമ്പത്തിക തട്ടിപ്പുകേസുകൾ വളരെ ഗൗരവത്തോടെ അന്വേഷിക്കണ്ടതാണെന്നും ഓർമ്മിപ്പിച്ചു.

ഗുണ്ടകളെ അമർച്ച ചെയ്യാൻ കാപ്പ നിയമം ഫലപ്രദമായി ഉപയോഗിക്കാൻ ജില്ലാ പോലീസ് മേധാവികൾ തയാറാകണമെന്നും ചില നഗരങ്ങൾ കേന്ദ്രീകരിച്ചു ഗുണ്ടാപ്രവർത്തനങ്ങൾ ശക്തിപ്പെടുന്ന പ്രവണത കണ്ടില്ലെന്നു നടിക്കാനാവില്ലെന്നും പോലീസിൽ ഗുണ്ടകളെ സഹായിക്കുന്ന പ്രവണതയുള്ളവരുണ്ടെങ്കിൽ മുളയിലേ നുള്ളണമെന്നും സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് മേധാവിമരോടും മറ്റു മുതിർന്ന ഉദ്യോഗസ്ഥരോടും നിർദ്ദേശിച്ചു.

നഗര പരിധികളിലുള്ള മാവോവാദികളുടെ പ്രവർത്തനങ്ങൾക്കെതിരെ പ്രത്യേകിച്ചും മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രത പുലർത്തണം. പോലീസ് നീരീക്ഷണം ശക്തിപ്പെടുത്തുന്നതിനൊപ്പം ആദിവാസി ജനതയുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു അവരെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പ്രവർത്തനം ശക്തിപ്പെടുത്താൻ ജില്ലാ പോലീസ് മേധാവികൾ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

നാട്ടിലെ മതസൗഹാർദ അന്തരീക്ഷം തകർക്കുന്ന ഏതൊരു കാര്യവും അടിച്ചമർത്തണമെന്നും അവ ഏതുഭാഗത്തു നിന്നു വന്നാലും മുഖം നോക്കാതെ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

പഴയകാലത്തു നിന്നും വ്യത്യസ്തമായി കുടുംബ തർക്കങ്ങളും ബന്ധുജനങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും കൊലപാതകങ്ങളിലും കൂട്ടആത്മഹത്യകളിലും എത്തുന്ന പ്രവണത കൂടി വരികയാണെന്ന് അന്വേഷണ ഉദ്യോഗസ്ഥർ തിരിച്ചറിയണം. ഇത്തരം കേസുകളിൽ തുടക്കത്തിൽതന്നെ ശാസ്ത്രീയ അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ചില്ലെങ്കിൽ കേസുകൾ തേഞ്ഞുമാഞ്ഞു പോകുമെന്നും അദ്ദേഹം പറഞ്ഞു.

മുൻവർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് കൊലപാതക കേസുകളുടെ എണ്ണം കുറഞ്ഞതായി കാണപ്പെട്ടു 335 കൊലപാതക കേസുകളിൽ 331 എണ്ണത്തിലും പ്രതികളെ കണ്ടെത്താനായിട്ടുള്ളതും ആകെ 553 പ്രതികൾ ഉള്ളതിൽ 540 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

കേസന്വേഷണം കുറ്റമറ്റതാക്കാനും ഇതുസംബന്ധിച്ച വിവരങ്ങൾ സമയബന്ധിതമായി പുതുക്കുന്നതിനും ഐ കോപ്സ് ( Intergrated Core Policing Software) ഉപയോഗിക്കാൻ എല്ലാ പോലീസുകാരെയും പ്രാപ്തരാക്കാൻ ജില്ലാ പോലീസ് മേധാവികൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സംസ്ഥാനത്ത് കഴിഞ്ഞ വർഷം 48906 റോഡപകടങ്ങൾ നടന്നിട്ടുള്ളതിൽ 3795 മര ണങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ മരണ നിരക്ക് മുൻ വർഷത്തേക്കാൾ 285 എണ്ണം കുറവാണ് .

കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ പരിശീലന, കുറ്റാന്വേഷണ പുരസ്കാരങ്ങൾ കരസ്ഥമാക്കിയ ഉദ്യോഗസ്ഥർക്ക് ചടങ്ങിൽവച്ച് സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് മെഡലുകൾ വിതരണം ചെയ്തു. പരിശീലനവിഭാഗത്തിൽ 2019-20, 2021 -22 വർഷങ്ങളിലായി യഥാക്രമം ഒന്നും ആറും പോലീസുദ്യോഗസ്ഥരാണ് അവാർഡിനർഹരായത്. കുറ്റാന്വേഷണത്തിൽ ഏഴുപേർക്കാണ് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും മെഡലുകൾ ലഭിച്ചത്. ഇക്കഴിഞ്ഞ ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനകാലത്ത് മികച്ച സേവനം കാഴ്ച്ചവെച്ചവർക്ക് പ്രശംസാപത്രവും നൽകി.

അവലോകനയോഗത്തിൽ എ.ഡി.ജി.പിമാർ, സോൺ ഐ.ജിമാർ, ഐ.ജി ട്രാഫിക്, റേഞ്ച് ഡി.ഐ.ജിമാർ, ജില്ലാ പോലീസ് മേധാവികൾ എന്നിവർ പങ്കെടുത്തു.

*******************************